ങ്കയുംചെയ്തു എന്ന് അസന്ദിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു. ഇതു് ഭാഗവതപുരാണത്തിലെ പരാമർശങ്ങൾക്ക് നിരക്കുന്നുണ്ട്. ദ്വാരകാ നഗരത്തിന്റെ മുഖ്യഭാഗങ്ങൾ കടലിലാഴ്ന്ന ശേഷവും ഏതാനും നൂററാണ്ടുകളോളം ആ പ്രദേശത്തു് ഒരു വലിയ ക്ഷേത്രം നിലനിന്നിരുന്നു. പ്രാചീനലോകത്തിലെ തുറമുഖങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ദ്വാരക. സിന്ധുനാഗരികതയുടെ കാലഘട്ടത്തിൽ, ഈ തുറമുഖത്തിലൂടെ, പേഴ്സ്യൻ ഉൾക്കടൽ പ്രദേശത്തിലെ തുറമുഖങ്ങളുമായി വ്യാപാരം നടന്നുവന്നു. ദ്വാരകാദ്വീപും നഗരവും കടലിൽ താഴ്ന്നശേഷവും, തുറമുഖമെന്ന നിലയിൽ ദ്വാരകയുടെ പ്രസിദ്ധി ഏറെക്കാലം അഭംഗുരമായി നിലനിന്നുവന്നു.

മഥുരയിൽനിന്നു് ഓടിവന്നു് ദ്വാരകയെന്ന ദ്വീപനഗരം താവളമാക്കിയ കൃഷ്ണൻ ഒരു ചരിത്രപുരുഷനാണോ? ആണെന്നോ അല്ലെന്നോ ഉറപ്പിച്ചു പറയാനുള്ള തെളിവുകൾ ദ്വാരകാപ്രദേശത്തിലെ അന്തസ്സമുദ്ര—പുരാതത്വപഠനങ്ങളിൽനിന്നു് ഇനിയും ലഭിച്ചിട്ടില്ല. ആ തെളിവുകൾ തേടേണ്ടതു്, പക്ഷേ കടലിനടിയിലായിരിക്കുകയില്ല; ജനതയുടെ ഹൃദയങ്ങൾക്കുള്ളിലായിരിക്കും. കാരണം, കൃഷ്ണന്റെ പാഞ്ചജന്യം എന്ന ശംഖും, സുദർശനം എന്ന ചക്രവും നാന്ദകം എന്ന വാളും, കാളക്കൊമ്പുകൾ ചേർത്തുണ്ടാക്കിയ ശാർങ്ഗം എന്ന വില്ലും, കൗമോദകി എന്ന ഗദയും, കൗസ്തുഭം എന്ന രത്നവും, കൃഷ്ണന്റെ ജ്യേഷ്ഠനായ രാമന്റെ കലപ്പയും ഉലയ്ക്കയും, രുക്മിണിയുടെ താലിയും മററും ഇത്രയും ശതാബ്ദങ്ങൾക്കുശേഷം, കടലിൽ മുന്നൂററമ്പതു മീററർ ആഴത്തിൽനിന്നു കണ്ടെടുക്കുവാൻ കഴിയുമെന്നു പ്രതീക്ഷിച്ചുകൂടല്ലോ.

(13 ജൂലൈ, 1986)

# 74. ഹോബി

നെററിയിലെ വിയർപ്പുകൊണ്ടു് അപ്പം നേടണമെന്നേ ദൈവം മനുഷ്യനോടു കല്പിച്ചിട്ടുള്ളൂ. അപ്പം നേടിക്കഴിഞ്ഞതിനുശേഷവും മനുഷ്യൻ അദ്ധ്വാനിച്ചു വിയർക്കുന്നതു് എന്തിനായിരിക്കാം? ചിലർ മദ്യത്തിനെന്നപോലെ മററു ചിലർ അദ്ധ്വാനത്തിനും അടിമകളായിപ്പോകുന്നു. മദ്യത്തിനു് അടിമകളായവരെ 'ആൽക്കഹോളിക്' എന്നു വിശേഷിപ്പിക്കുന്നതുപോലെ, അദ്ധ്വാനത്തിനു് അടിമകളായവരെ 'വർക്കഹോളിക്' എന്നു് ഇംഗ്ലീഷിൽ പറയുന്നു.

ഭാഗ്യവശാൽ ഇന്ത്യയിൽ 'വർക്കഹോളിക്ക'കൾ ഏറെയില്ല. 'ആൽക്കഹോളിക്ക'കൾക്കാണെങ്കിൽ, നിർഭാഗ്യവശാൽ, ഇവിടെ ഒരു ക്ഷാമവുമില്ലതാനും, അതിരിക്കട്ടെ.

മുഖ്യതൊഴിൽ ആയിട്ടല്ലാതെ, വെറും രസത്തിനുവേണ്ടിയോ, മനസ്സിന്റെ പിരിമുറുക്കം അയഞ്ഞുകിട്ടുന്നതിനുവേണ്ടിയോ, മനുഷ്യർ സ്ഥിരമായി ചെയ്തുവരുന്ന പ്രവൃത്തികളും നിലനിർത്തിവരുന്ന താല്പര്യങ്ങളുമാണു് 'ഹോബി' എന്ന പേരിൽ പാശ്ചാത്യരാജ്യങ്ങളിൽ അറിയപ്പെടുന്നതു്. ഈ അർത്ഥത്തിൽ ഒരു പദം ഏതെങ്കിലുമൊരു ഭാരതീയ ഭാഷയിൽ ഉള്ളതായി എനിക്കറിവില്ല. രസത്തിനുവേണ്ടി പ്രവൃത്തി ചെയ്യുക എന്ന ശീലം ഇന്ത്യക്കാർക്കു് ഇല്ലാത്തതാവാം ഈ പദദാരിദ്ര്യത്തിനു കാരണം.

അതിനാൽ, തികച്ചും വൈദേശികമായ, രസത്തിനുവേണ്ടിയുള്ള

അദ്ധ്വാനത്തിന്, വൈദേശികമായ 'ഹോബി' എന്ന പേരുതന്നെ നമ്മളും ഉപയോഗിക്കുക.

'ഹോബി' ഉള്ളവർ നമ്മുടെ നാട്ടിലും തീരെ ഇല്ലാതില്ല. ഉപയോഗിച്ചുകഴിഞ്ഞ സ്റ്റാമ്പുകൾ ചിലർ ശേഖരിക്കുന്നു. സ്റ്റാമ്പുശേഖരണം ലോകവ്യാപകമായ ഒരു ഹോബി ആകയാലും, സ്റ്റാമ്പുശേഖരണക്കാർക്ക് അന്താരാഷ്ട്രീയ സംഘടനകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും മറ്റും ഉള്ളതിനാലും, ഇവർക്ക് മറുനാടുകളിലെ സമാനചിന്താഗതിക്കാരുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നു.

സ്റ്റാമ്പുപോലെ നാണയങ്ങൾ ശേഖരിക്കുന്നവരെയും, അപൂർവ്വമായെങ്കിലും കണ്ടിട്ടുണ്ട്. പഴയ ഗ്രാമഫോൺ റെക്കാർഡുകൾ, പ്രചാരം നിലച്ചുപോയ മാസികകളും വാരികകളും, പുസ്തകങ്ങളുടെ ഒന്നാം പതിപ്പുകൾ, കത്തുകൾ മുതലായവ ശേഖരിക്കുന്നവരെപ്പററിയും അറിയാം. പ്രതിമകൾ, ചിത്രങ്ങൾ മുതലായ കലാവസ്തുക്കൾ ശേഖരിക്കാൻ വലിയ പണക്കാർക്കേ പററൂ. ലോകത്തിൽ കിട്ടുന്ന എല്ലാത്തരം മദ്യങ്ങളും ശേഖരിക്കുകയാണ് തൻെറ ഹോബി എന്ന് കേരളത്തിലെ ഒരു ഹോട്ടലുടമ എന്നോടു പറയുകയുണ്ടായിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് ഏതാനും ദിവസം ഇദ്ദേഹത്തെ അറസ്റ്റ് ചെയ്തു തടങ്കലിൽ വെച്ചിരുന്നു. സ്വർണക്കള്ളക്കടത്താണ് അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുററമെന്നായിരുന്നു ഞങ്ങളുടെ ധാരണ. യഥാർത്ഥത്തിൽ പോലീസ് ചെയ്തത്, തൻെറ മദ്യശേഖരം എടുത്തുകൊണ്ടുപോവുകയായിരുന്നുവെന്നു പറയുമ്പോൾ അദ്ദേഹം വളരെ ദുഃഖിതനായി കാണപ്പെട്ടിരുന്നു.

വായനയാണു തങ്ങളുടെ ഹോബി എന്നു പറയുന്നവർ നമ്മുടെ നാട്ടിൽ ഇല്ലായ്കയില്ല. ഇവരിൽ ചിലർക്കു ചില പ്രത്യേകതരം പുസ്തകങ്ങളോടാണ് ഇഷ്ടം—ഉദാഹരണത്തിന് കുററകഥകൾ. സംഗീതം, സിനിമ മുതലായവ ഹോബിയായിട്ടുള്ളവരും അപൂർവമല്ല. ചിലർക്ക് പ്രസംഗം ഒരു ഹോബിയാണ്. ഒരു പ്രസംഗം ചെയ്യാൻ സാധിക്കാത്ത ദിവസം ഉറങ്ങണമെങ്കിൽ തനിക്കു ഗുളിക കഴിക്കണമെന്നു പറഞ്ഞ ഒരു സ്നേഹിതൻ എനിക്കുണ്ട്.

മനുഷ്യൻെറ തനിമ വെളിപ്പെടുക അയാളുടെ തൊഴിലിൽനിന്നല്ല, ഹോബിയിൽനിന്നാണ്. പരിസ്ഥിതികളുടെ നിർബന്ധം മൂലമാണ് മനുഷ്യർ തൊഴിൽ ചെയ്യുന്നത്. ചെയ്യുന്ന തൊഴിൽ പരമാവധി കുറയ്ക്കാനും, നിവൃത്തിയുള്ളിടത്തോളം മോശമായി മാത്രം അതു ചെയ്യാനുമുള്ള വാസന പലരിലും കാണാം. പക്ഷേ, ഹോബിയിൽ മനുഷ്യർ ഏർപ്പെടുന്നതു് ആന്തരമായ പ്രേരണ നിമിത്തമാണ്. മനുഷ്യൻെറ ആന്തരവ്യക്തിത്വം രൂപപ്പെടുന്നതും വെളിപ്പെടുന്നതും ഹോബിയിലൂടെയാവാം.

ഇന്ത്യക്കാരുടെ ഹോബികളെപ്പററി വല്ലവരും പഠനം നടത്തിയിട്ടുണ്ടോ? എനിക്ക് അറിഞ്ഞുകൂടാ. എന്നാൽ, പടിഞ്ഞാറേ ജർമനിയിലെ ചെറുപ്പക്കാരുടെ ഹോബികളെപ്പററി ഈയിടെ നടത്തിയ ഒരു പഠനത്തെക്കുറിച്ചു വായിച്ചപ്പോൾ, അതിലടങ്ങിയ വിവരങ്ങൾ വായനക്കാരുമായി പങ്കിടേണ്ടതാണെന്ന് എനിക്കു തോന്നി. ഇന്നു ലോകത്തിൽ, അമേരിക്ക കഴിഞ്ഞാൽ, ഏററവും പ്രധാനപ്പെട്ട വ്യവസായവൽകൃത രാജ്യം പടിഞ്ഞാറെ ജർമനിയാണല്ലോ. ഉല്പാദിതവസ്തുക്കളുടെ വൈവിധ്യത്തിലും ഗുണനിലവാരത്തിലും ജപ്പാൻപോലും ജർമനിക്കു താഴെയാണു നിലകൊള്ളുന്നത്. യുദ്ധത്തിൽ അമ്പേ തകർന്ന ജർമനി എത്ര വേഗമാണു സമൃദ്ധിയുടെ ഉത്തുംഗശിഖരത്തിലെത്തിയത്! ജർമനിയിലെ ചെറുപ്പക്കാരുടെ മാനസികഘടനയെപ്പററി മനസ്സിലാക്കുന്നത്, നമ്മുടെ

ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം പ്രയോജനകരമാകാതിരിക്കയില്ല.

ഒരുലക്ഷത്തി തൊണ്ണൂറായിരത്തിലേറെ പെൺകുട്ടികളും ആൺകുട്ടികളും ഉൾപ്പെട്ട ഈ പഠനത്തിന്റെ വിവരങ്ങൾ 1986 സെപ്തംബർ 21-ലെ 'ജർമൻ ട്രൈബ്യൂണൽ' വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആറു മുതൽ പതിനാറു വയസ്സുവരെ ഉള്ളവരായിരുന്നു ഈ കുട്ടികൾ. നീന്തൽ, ഫുട്ബാൾ കളി, എഴുത്ത്, വായന—ഇവയായിരുന്നു അധികം കുട്ടികളുടെയും ഹോബികൾ. കമ്പ്യൂട്ടറും വീഡിയോവും യൂറോപ്പിലെ കുട്ടികളുടെ മാനസിക—വൈകാരികഘടനയിൽ ചെലുത്തിവരുന്ന, നല്ലതോ ചീത്തയോ ആയ, പ്രഭാവത്തെപ്പററി പത്രങ്ങൾ എഴുതിക്കൂട്ടുന്നതിൽ വലിയ അർത്ഥമൊന്നുമില്ലെന്ന് ഈ പഠനം തെളിയിച്ചു. ജർമനിയിലെ ഇന്നത്തെ കുട്ടികൾ, മാനസികഘടനയിൽ, അവരുടെ മാതാപിതാക്കളിൽനിന്നു വളരെയൊന്നും വ്യത്യസ്തരല്ല.

കുട്ടികളിൽ അറുപതു ശതമാനത്തിന്റെയും മുഖ്യ ഹോബി സ്പോർട്സ് ആയിരുന്നു. സ്പോർട്സിൽത്തന്നെ അധികം കുട്ടികൾക്കും ഇഷ്ടപ്പെട്ടതു് നീന്തലും മുതലക്കുപ്പുകുത്തലും (ഡൈവിങ്) ആയിരുന്നു. ആൺകുട്ടികളിൽ പത്തൊമ്പതു ശതമാനവും പെൺകുട്ടികളിൽ ഒമ്പതു ശതമാനവും ഫുട്ബോളിൽ തങ്ങളുടെ ഹോബി കണ്ടെത്തിയവരായിരുന്നു. പതിനഞ്ചു ശതമാനം പെൺകുട്ടികളും രണ്ടു ശതമാനം ആൺകുട്ടികളും കുതിരസവാരിയിൽ രസിക്കുന്നവർ ആയിരുന്നു. ഇത്രയേറെ കുതിരകൾ ഉണ്ടോ പടിഞ്ഞാറെ ജർമനിയിൽ ഇപ്പോഴും?

ബുദ്ധിപരമെന്നോ, നിർമാണാത്മകമെന്നോ വിവരിക്കാവുന്ന ഹോബികളിൽ താല്പര്യമുള്ളവർ, പ്രതീക്ഷിക്കാവുന്നതുപോലെ, താരതമ്യേന കുറവായിരുന്നു. പതിനഞ്ചര ശതമാനത്തോളം (15.4) കുട്ടികളുടെ ഹോബി ചിത്രരചന, വീട്ടിലെ അററകുററപ്പണി (ഹോം മെക്കാനിക്സ്), തുന്നൽ എന്നിവയായിരുന്നു. ഈ വിഭാഗത്തിൽ അധികവും പെൺകുട്ടികളുമായിരുന്നു. സംഗീതം ഹോബിയായി എടുത്തവർ, പെൺകുട്ടികളിൽ 10.6 ശതമാനവും ആൺകുട്ടികളിൽ 4.2 ശതമാനവും ഉണ്ടായിരുന്നു. പക്ഷേ, ഇവരിലധികവും പാട്ടു കേൾക്കുന്നതിലേ തല്പരരായിരുന്നുള്ളു. പതിന്നാലിനും പതിനാറിനും ഇടയ്ക്കു പ്രായമുള്ള പെൺകുട്ടികളിൽ നൂറിൽ മൂന്നുപേർ മാത്രമാണ് പാട്ടുപാടുക ഹോബിയാക്കിയിരുന്നതു്; ആൺകുട്ടികളിൽ ഒരാളും പാട്ടുപാടുക തന്റെ ഹോബിയാണെന്നു പറയുകയുണ്ടായില്ല. ശബ്ദം പരുക്കനാവുന്ന ആ പ്രായത്തിൽ ആൺകുട്ടികൾ പാടാൻ മുതിരുകയില്ല എന്നതാവാം ഇതിനു കാരണം.

പാശ്ചാത്യസമൂഹങ്ങളിൽ സിനിമയ്ക്കും ടെലിവിഷനുമുള്ള വമ്പിച്ച സ്വാധീനത്തെപ്പററി നാം ഒട്ടേറെ കേട്ടിട്ടുണ്ടല്ലോ. ജർമൻ കുട്ടികളിൽ നൂറിൽ മൂന്നുപേർ മാത്രമേ സിനിമയും ടെലിവിഷനുമാണ് തങ്ങളുടെ ഹോബി എന്നു പറയുകയുണ്ടായുള്ളു. പടിഞ്ഞാറെ ജർമനിയിൽത്തന്നെ ചില പ്രദേശങ്ങളിൽ ചില ഹോബികൾ കൂടുതൽ ജനപ്രീതി നേടിയതായി കാണപ്പെട്ടു. ഉദാഹരണത്തിന്, ഹാംബർഗിൽ ടെന്നീസ്, റൈൻലാൻഡിൽ സംഗീതം, ബവേറിയയിൽ വായന.

ആകെ അഭിപ്രായം പറഞ്ഞ രണ്ടു ലക്ഷത്തിൽ താഴെ കുട്ടികളിൽ അറുപത്തിരണ്ടു പേരുടെ ഹോബി 'സ്കൂളിൽ പോകൽ' ആയിരുന്നു. അതു ഹോബിയെങ്കിൽ, അവരുടെ 'തൊഴിൽ' എന്തോ? ഇരുപത്തൊമ്പതു കുട്ടികൾ വീട്ടുപണികളിൽ അച്ഛനമ്മമാരെ സഹായിക്കുന്നതാണ് തങ്ങളുടെ ഹോബി എന്നു പറഞ്ഞു. എഴുപത്തിനാലു പേരുടെ ഹോബി 'ഉറങ്ങലും ചുമ്മാ കറങ്ങലും' ആയിരുന്നു. ഇത്തരക്കാരെ 'ഗുണം പിടിക്കാത്തവർ' ആയാണ് 'വർക്കഹോളിക്ക'കളായ ജർമൻകാർ കരുതുന്ന

ത്തു്. എങ്കിലും അവർ സത്യസന്ധരാണെന്നതിൽ ഒരു സംശയവും വേണ്ട!

പല്ലുതേക്കലാണു് തന്റെ ഹോബി എന്നു് ഒരു ജർമൻ പെൺകുട്ടി പറഞ്ഞുവത്രെ! തുരപ്പനെലി മണ്ണുമാന്തി ഉണ്ടാക്കിയ കൂനകളിൽ കയറി നിൽക്കുന്നതാണു് തങ്ങളുടെ ഹോബി എന്നു് രണ്ടു് ആൺകുട്ടികൾ പ്രസ്താവിച്ചു.

സ്കൂൾ (കോളേജ്)രാഷ്ട്രീയം, പഠിപ്പുമുടക്കു്, ബസ്സിനു കല്ലെറിയൽ മുതലായവ തങ്ങളുടെ ഹോബികളാണെന്നു് പടിഞ്ഞാറൻ ജർമനിയിലെ ഏതെങ്കിലും ആൺകുട്ടിയോ പെൺകുട്ടിയോ പറയുകയുണ്ടായില്ല!

(9 നവംബർ, 1986)

# 75. സംഗീതക്കാസ്സെററുകൾ

പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാണു് രാജ്യത്തിലെ—ഏതു രാജ്യത്തിലെയും—നിയമങ്ങളും കോടതികളും പോലീസ്സും സർക്കാരും.

ജീവൻ എന്താണെന്നു് എല്ലാവർക്കും അറിയാം. എന്താണു് സ്വത്തു്?

നിങ്ങൾ സമ്പാദിക്കുന്ന പണവും, അതുകൊണ്ടു നിങ്ങൾ വാങ്ങുന്ന വസ്തുക്കളും, ഈ വസ്തുക്കളിൽനിന്നു് അദ്ധ്വാനംകൊണ്ടു നിങ്ങൾ ഉല്പാദിപ്പിക്കുന്ന മററു വസ്തുക്കളും നിങ്ങളുടെ സ്വത്താണു്. മറെറാരാൾ തന്റെ സ്വത്തു് പൂർണമനസ്സോടെ നിങ്ങൾക്കു തന്നാൽ അതും നിങ്ങളുടെ സ്വത്തുതന്നെ.

ഇതു ഭൗതികസ്വത്തു്. ഇതിനുപുറമേ 'ബുദ്ധിപരമായ സ്വത്തു്' (ഇൻടെലെക്ച്വൽ പ്രോപ്പെർട്ടി) എന്നു വിളിക്കപ്പെടുന്ന മറെറാരു ഇനം സ്വത്തുകൂടിയുണ്ടു്.

നിങ്ങൾ ഒരെഴുത്തുകാരൻ ആണെന്നിരിക്കട്ടെ, നിങ്ങൾ എഴുതുന്ന നോവലുകളും കഥകളും നാടകങ്ങളും കവിതകളും എല്ലാം നിങ്ങളുടെ ബുദ്ധിപരമായ സ്വത്താണു്. ഈ സ്വത്തിൽ നിങ്ങൾക്കുള്ള അവകാശത്തെ 'കോപ്പിറൈററ്' എന്നു വിളിക്കുന്നു. നിങ്ങൾക്കു കോപ്പിറൈററ് ഉള്ള ഒരു കൃതി, നിങ്ങളുടെ അനുവാദംകൂടാതെ മറെറാരാൾ അച്ചടിച്ചോ, പകർത്തിയോ പ്രസിദ്ധീകരിച്ചുകൂടാ. അങ്ങനെ ചെയ്താൽ അതു മോഷണമായിരിക്കും. ഈ മോഷണം തെളിയിക്കപ്പെട്ടാൽ മോഷ്ടിച്ച ആൾക്കു കോടതി ശിക്ഷ വിധിക്കും.

നിങ്ങളുടെ ഭൗതികസ്വത്തുക്കൾ(നിലം, വീടു്, സ്വർണം, വാഹനം, വളർത്തുമൃഗങ്ങൾ, നിത്യോപയോഗവസ്തുക്കൾ)പോലെ നിങ്ങളുടെ കോപ്പിറൈററും വില്ക്കുകയോ, വാങ്ങുകയോ, പാട്ടത്തിനു കൊടുക്കുകയോ ചെയ്യാവുന്ന ഒരു 'വസ്തു' ആണു്.

ചിത്രകാരൻ വരച്ച ചിത്രങ്ങൾ, ശില്പി നിർമിച്ച പ്രതിമകൾ, ഗായകൻ പാടിയ പാട്ടുകൾ മുതലായവയും 'ബുദ്ധിപരമായ സ്വത്തു്' തന്നെ. ഇവ നിർമിച്ചവർക്കു് ഇവയിൽ കോപ്പിറൈററ് ഉണ്ടു്. നിയമം ഈ കോപ്പിറൈററിനു സംരക്ഷണം നൽകുന്നു.

മോഷ്ടിക്കപ്പെട്ട വസ്തുക്കൾ അറിഞ്ഞുകൊണ്ടു് ആരും വാങ്ങുകയില്ല. ഭൗതികസ്വത്തുക്കളുടെ കാര്യത്തിൽ, വാങ്ങും മുമ്പു്, അവയുടെ യഥാർത്ഥ ഉടമ ആരെന്നു് അന്വേഷിക്കുന്നതു് സാധാരണ ചടങ്ങായിട്ടുണ്ടു്.